പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1594 06.03.2020 -ലെ മറുപടിക്ക്

## കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മാണം

ചോദ്യം | മറുപടി

ശ്രീ.ആന്റണി ജോൺ

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ മോഡേൺ ബസ് ടെർമിനൽ നിർമ്മിക്കുന്നതിനുവേണ്ടി 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.875 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭ്യമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പിനെ കൊണ്ട് ചെയ്യിപ്പിക്കുന്നതിനാണ് ബഹു. എം.എൽ.എ ശ്രീ.ആന്റണി ജോൺ ആവശ്യപ്പെട്ടിരുന്നത്. അപ്രകാരം കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്ത് പ്രവൃത്തി ചെയ്യുന്നതിനായി 04/09/2019 ന് NOC നല്കിയിട്ടുണ്ട്. ടി പ്രവൃത്തിക്ക് എറണാകുളം ജില്ലാ കളക്ടർ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | ഭരണാനുമതി ലഭ്യമായതിനു ശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | ടെണ്ടർ നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. ടി പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും കത്ത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**